**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 103 — 01-12-2014-ൽ മറുപടിയ്ക്ക്

## വയനാട് ജില്ലയിലെ അനധികൃത മദ്യ നിർമ്മാണം

**ചോദ്യം:** ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**ഉത്തരം:** ശ്രീ. കെ. ബാബു (മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിലെ അതിർത്തി പ്രദേശങ്ങളിൽ അനധികൃത മദ്യ നിർമ്മാണം നടക്കുന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സുൽത്താൻബത്തേരി റെയ്ഞ്ചിന്റെ വനാതിർത്തികളിലും സമീപ പ്രദേശങ്ങളിലും അനധികൃത മദ്യനിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജില്ലയിൽ എക്സൈസ് വകുപ്പ് 60 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ 8 പേരെ പ്രതിചേർത്തിട്ടുള്ളതും 120 ലിറ്റർ ചാരായം 4045 ലിറ്റർ വാഷ് എന്നിവ തൊണ്ടി മുതലായി പിടിച്ചെടുത്തിട്ടുമുണ്ട്. |
| (സി) | ഈ വർഷത്തെ മദ്യനയം നടപ്പാക്കിയതിനു ശേഷം ജില്ലയിൽ അനധികൃത മദ്യത്തിന്റെ നിർമ്മാണം, അന്തർ സംസ്ഥാന മദ്യ കടത്ത് എന്നിവ വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | } | നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കർശനമായ എൻഫോഴ്സ് മെന്റ് പ്രവർത്തനങ്ങൾ, റെയ്ഡുകൾ, രഹസ്യ വിവരശേഖരണം ഇവ നടത്തി കുറ്റകൃത്യങ്ങൾ അമർച്ചചെയ്തു വരുന്നുണ്ട്. അന്തർ സംസ്ഥാന ചെക്ക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കുകയും, അതിർത്തി പ്രദേശങ്ങളിൽ പട്രോളിംങ്, പോലീസ്, വനം എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും നടത്തി വരുന്നുണ്ട്. |
| (ഡി) | ജില്ലയിൽ അനധികൃത മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ